News Letter November 2007

For Private Circulations Only

# തീരം Theeram

Transforming Lives Together

## മുഖദർപ്പണം

ഇന്ത്യാ സെന്റർ ഫോർ സോഷ്യൽ ചേയ്ഞ്ച് "തീരം" സെന്ററുകൾ ആരംഭിച്ചിട്ട് 5 വർഷം പിന്നിടുകയാണ്. ബുദ്ധിമാന്ദ്യവും ഇതര ശാരീരിക വെല്ലുവിളികളും നേരിടുന്നവരുടെ സംഖ്യ സമൂഹത്തിന്റെ 5 ശതമാനമാണ്. ഇവരിൽ ദരിദ്രവിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥ അതിദാരുണവുമാണ്. സർക്കാർ-തദ്ദേശീയ ഭരണ സമിതികളുടെ സഹായങ്ങൾ ഇവർക്ക് ലഭ്യമാക്കുന്നതിലുള്ള പദ്ധതികളും വിജയിച്ചതായി കാണുന്നില്ല. സന്നദ്ധസംഘടനകളുടെ ഈ രംഗത്തെ സാന്നിധ്യത്തിന്റെ പ്രസക്തി ഇത്തരുണത്തിലാണു വ്യക്തമാവുന്നത്. "തീരം" ഈ രംഗത്തു വന്നതിനു ശേഷം ഇപ്പോൾ 10 സെന്ററുകളിലായി 160-ൽ പരം യുവാക്കൾക്ക് പകൽ ഭക്ഷണവും യാത്രയും ഉൾപ്പെടെയുള്ള തൊഴിൽ പരിശീലനം തികച്ചും സൗജന്യമായി നൽകി വരുന്നു.

അമേരിക്കയിലെ സെന്റർ ഫോർ സോഷ്യൽ ചെയ്ഞ്ച് എന്ന സന്നദ്ധ സംഘടനയിൽ നിന്നും ലഭിച്ചിരുന്ന സഹായങ്ങൾ ഇപ്പോൾ ലഭ്യമാകുന്നില്ല എന്നത് ഞങ്ങളുടെ പ്രവർത്തനങ്ങളെ തളർത്തിയിട്ടില്ലെങ്കിലും വളരെ ക്ലേശകരമാക്കിയിരിക്കുന്നു. സംഘാടകചെലവുകൾ കുറച്ചും പ്രവർത്തകർ ത്യാഗങ്ങൾ സഹിച്ചും ചെലവുകൾ ചുരിക്കിയപ്പോഴും തീരം സെന്ററുകളിലെ കുട്ടികൾക്ക് യാതൊരു കുറവും വരാതെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുവാൻ തീരം സെന്ററുകളുടെ സ്ഥാപകൻ കൂടിയായ അഭിവന്ദ്യ ഡോ.ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഞങ്ങൾ ആവും വിധം പ്രവർത്തിക്കുന്നു. ഈ സന്നിഗ്ദ്ധാവസ്ഥതയിൽ ഞങ്ങൾക്ക് പിൻബലവും ധൈര്യവും നൽകി സഹായിക്കുന്ന എല്ലാവർക്കും ഞങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

പ്രാരംഭം മുതൽ അടുത്ത സമയം വരെ ഈ പ്രസ്ഥാനത്തിനു ഗണ്യമായ സാമ്പത്തിക സഹായം നൽകി സഹായിച്ച മുൻപറഞ്ഞ സന്നദ്ധ സംഘടനയോടും അതിന്റെ സാരഥികളോടുമുള്ള ഹൃദയംഗമമായ നന്ദി അറിയിക്കുന്നു.

പ്രതിമാസം ചെറുതും വലുതുമായ നിശ്ചിത തുക നൽകി തീരം പ്രവർത്തനങ്ങളെ സഹായിക്കുന്ന സുഹൃദ് വലയത്തിൽ അംഗങ്ങളായി സഹായം ചെയ്യുന്നവരേയും വ്യക്തികളെ സ്പോൺസർ ചെയ്യുവാൻ തയ്യാറായി മുന്നോട്ടു വന്നവരേയും ചില സെന്ററുകൾക്കു പ്രത്യേക കൈത്താങ്ങുമായി വന്നവരേയും എല്ലാം വളരെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു.

ശബ്ദമില്ലാത്തവരുടെ ശബ്ദമാകുവാനും ബലഹീനർക്ക് താങ്ങും സംരക്ഷണവും ആകുവാനും അശരണർക്ക് ശരണമാകുവാനും എളിയവർക്ക് ചെയ്യുന്ന സഹായങ്ങളും ശുശ്രൂഷകളും ദൈവിക ശുശ്രൂഷയാണെന്നു തിരിച്ചറിവും ഉള്ളവർക്കായി ഞങ്ങളുടെ ഈ എളിയ പ്രവർത്തനങ്ങളെ ആദരപൂർവ്വം സമർപ്പിക്കുന്നു.

തീരം പ്രവർത്തകരുടെ പേരിൽ

സസ്നേഹം

കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ (ഡയറക്ടർ)

## തീരം സുഹൃദ് സംഘങ്ങൾ

### കുവൈറ്റ്

ICSC ചെയർമാൻ ഡോ.ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്തയുടെ കുവൈറ്റ് സന്ദർശന വേളയിൽ കുവൈറ്റിലെ സുമനസുകളുടെ നേതൃത്വത്തിൽ ആരംഭം കുറിച്ച ഒരു സന്നദ്ധസഹായ സംഘമാണ് " Friends of Theeram " . കുവൈറ്റ് സർക്കിൾ ബാബു മാറാചേരിൽ, ഡോ. നോബിൾ സഖറിയ, ഡോ.സോണിയ നോയൽ , അജയ് ജോർജ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ശക്തമായി പ്രവർത്തിക്കുന്നു.

### അമേരിക്കയിൽ

ബോസ്റ്റണിൽ റവ.ഡീക്കൻ അനൂപ് കുരുവിള, ചെറിയാൻ ജേക്കബ് എന്നിവരുടെ പിന്തുണയിൽ ശക്തമായ ഒരു ബോസ്റ്റൺ സർക്കിളും ആരംഭം കുറിച്ചു.

### നാലുന്നാക്കൽ

ഈ പ്രദേശത്തുള്ള നാനാജാതി മതസ്തരായ ആളുകളുടെ സഹകരണത്തിൽ ഒരു സുഹൃദ് സംഘം ആരംഭം കുറിച്ചിരിക്കുന്നു. പ്രതിമാസം ഒരു നിശ്ചിത തുക തീരത്തിനായി നീക്കി വെയ്ക്കുവാൻ സന്നദ്ധരായ നൂറിൽ പരം വ്യക്തികളാണ് ഈ സംഘത്തിൽ അംഗങ്ങളായിരിക്കുന്നത്. റെജി മാത്യു, ഷിനുചെറിയാൻ എന്നിവർ ഇവിടെ കോർഡിനേറ്റേഴ്സ് ആയി പ്രവർത്തിക്കുന്നു. " Friends of Theeram " തനതായ ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടു്. **www.friendsoftheeram.org** എന്ന ഈ സൈറ്റിന്റെ ചുമതല വഹിക്കുന്നത് ചെറിയാൻ ജേക്കബ്, ഡോ.നോബിൾ സഖറിയ, ലിജു ജേക്കബ് , റെജി ദാനിയേൽ എന്നിവരാണ്.

സൗദി അറേബിയ, ഒമാൻ, ബഹ്റീൻ, യു.എ.ഇ എന്നീ സ്ഥലങ്ങളിലും പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നു.

ഇതര സ്ഥലങ്ങളിലും തത്പരായവരുടെ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

## വിദ്യാഭ്യാസ ശിൽപശാല



മുഖ്യധാരാ വിദ്യാലയങ്ങളിൽ പോകുവാൻ കഴിയാത്ത ബുദ്ധിമാന്ദ്യമുള്ള വിദ്യാർത്ഥികൾക്ക് അവകാശപ്പെട്ട യാത്രാസൗജന്യം, തൊഴിൽ പരിശീലനത്തിനുള്ള സംവിധാനം, പ്രത്യേക വിദ്യാഭ്യാസം നൽകുന്ന അദ്ധ്യാപർക്കുള്ള സേവന വേതന സംരക്ഷണം, അവരുടെ മറ്റ് സാമൂഹികപ്രശ്നങ്ങൾ തുടങ്ങിയവ മുൻ നിർത്തി 2007 ആഗസ്റ്റ് 10,11 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് വിദ്യാഭ്യാസ ശിൽപശാല സംഘടിപ്പിച്ചു. ഏറ്റവും പാർശ്വവത്കരിക്കപ്പെട്ട സമൂഹമെന്ന നിലയിൽ ബുദ്ധിമാന്ദ്യമുള്ളവരുടെ പ്രശ്നങ്ങൾക്ക് രാഷ്ട്രീയ/ സാമൂഹികസുരക്ഷാപദ്ധതികൾ രൂപീകരിക്കുന്നതിനും ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളും പൊതുസമൂഹവും ഉണർന്ന് പ്രവർത്തിക്കുന്നതിന്റെ ആവശ്യകതയും ശിൽപശാലയിൽ ചർച്ച ചെയ്തു.

പ്രമുഖചിന്തകനും എഴുത്തുകാരനുമായ ഡോ.നൈനാൻ കോശി ശിൽപശാല ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസവിശാരദർ ആയ ഡോ.എൻ.എ കരിം, ഡോ.എം.ആർ.യശോധരൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗങ്ങളായ ഡോ.ഹരിലാൽ, ശ്രീ.സി.പി.നാരായണൻ, CSC പ്രസിഡന്റ് ഡോ.ജോസഫ് മാത്യു, ICSC ഡയറക്ടർ മൂലയിൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ, ICSC പ്രോഗ്രാം ഡയറക്ടർ ശ്രീ. സാം എബ്രാഹം തുടങ്ങിയവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി

## സ്വാതന്ത്ര്യ ദിനാഘോഷം തീരം സെന്ററുകളിൽ

2007 ആഗസ്റ്റ് 15 നു എല്ലാ തീരം സെന്ററുകളിലും സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ നടന്നു. ത്രിവർണ്ണ പതാകകളേന്തിയുള്ള റാലികൾ, സാംസ്കാരിക സമ്മേളനങ്ങൾ പരിസര ശുചീകരണങ്ങൾ തുടങ്ങിയവ നടന്നു. സ്വാതന്ത്ര്യദിനത്തിന്റെ മഹത്ത്വത്തെ കുട്ടികൾ ഈ സുദിനത്തിൽ അനുസ്മരിച്ചു.



## വാർഷികങ്ങളും ഓണാഘോഷങ്ങളും




2007 ആഗസ്റ്റ് 25,31 തീയതികളിൽ കൊഴുവല്ലൂർ തീരം കുന്നന്താനം, കുറിച്ചി, തീരം സെന്ററുകളുടെ 3-മത് വാർഷികവും ഓണാഘോഷവും നടന്നു. കൊഴുവല്ലൂരിൽ ശ്രീ.പി.സി.വിഷ്ണുനാഥ് MLA വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു., വെണ്മണി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ.പി.ശശിധരൻ, അഡ്വ.റോയി ഫിലിപ്പ്, ശ്രീമതി രാഗിണി ദേവി, ഡോ.ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത തുടങ്ങിയവർ പങ്കെടുത്തു.

പുതുപ്പള്ളിയിൽ വാർഷികാഘോഷത്തോടെപ്പം അഭിവന്ദ്യ ഡോ.ഗീവർഗീസ് കൂറിലോസ് മെത്രാപ്പോലീത്തയെ ആദരിക്കൽ ചടങ്ങും നടത്തി. റവ.ഫാദർ കുര്യാക്കോസ് പ്ലാപറമ്പിൽ, റവ.ഫാദർ എബ്രാഹം കോതകേരിൽ, ശ്രീമതി ആനിയമ്മ ജോൺ,



ശ്രീമതി മറിയാമ്മ ജോൺ തുടങ്ങിയവർ തിരുമേനിയ്ക്ക് അനുമോദനങ്ങൾ അർപ്പിച്ചു. സാംസ്കാരിക സമ്മേളനം ശ്രീ പ്രൊഫ.എൻ.ജയരാജ് MLA ഉദ്ഘാടനം ചെയ്തു. വാകത്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജോഷി ഫിലിപ്പ്, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.പി.ഗരീശൻ, പഞ്ചായത്ത് മെമ്പർ ശ്രീമതി ആനിയമ്മ ജോൺ, എസ്.എൻ ഗുരുമിഷൻ പ്രസിഡന്റ് ശ്രീ.ഭാസ്കരൻ ഈരയിൽ, വാകത്താനം വ്യാപാരി വ്യവസായി ഏകോപനസമിതി പ്രസിഡന്റ് ശ്രീ.ജയിംസ് ജേക്കബ് തുടങ്ങിയവർ സംസാരിച്ചു. കുറിച്ചിയിൽ സാംസ്കാരിക സമ്മേളനത്തിൽ പ്രൊഫ.പത്മകുമാർ,

കുറിച്ചി പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ എൻ.ഡി.ബാലകൃഷ്ണൻ, വാർഡ് മെംമ്പർമാരായ ശ്രീ.ജിക്കു കുര്യാക്കോസ്, ശ്രീമതി മിനിമോൾ ഷിബു, രക്ഷകർത്തൃ പ്രതിനിധി ശ്രീ.സുഗണൻ തുടങ്ങിയവർ പങ്കെടുത്തു. ആഗസ്റ്റ് 24-ം തീയതി ആലത്തൂരിലും, മാടപ്പള്ളിയിലും, ആലപ്പാടും തീരം സെന്ററുകളിൽ ഓണാഘോഷങ്ങൾ നടത്തി. കുട്ടികളുടെ നേതൃത്വത്തിലുള്ള കലാകായിക വിനോദങ്ങൾ സജീവമായി എല്ലാ സെന്ററുകളിലും നടത്തി.

## ഓണം വിപണനമേള

ഓണാഘോഷത്തോടനു ബന്ധിച്ച് കോട്ടയം ജില്ലയിലെ ബ്ലോക്ക്/ പഞ്ചായത്ത് സ്വയം സഹായക സംഘങ്ങളും സംയുക്തമായി സ്വാശ്രയ സംഘങ്ങളും 2007 ആഗസ്റ്റ് 21 മുതൽ 25 വരെ കോട്ടയത്ത് കെ.പി.എസ് മേനോൻ ഹാളിൽ വച്ച് എ ആർ ഡി.പി വിപണനമേള സംഘടിപ്പിച്ചു. തീരം കുട്ടികൾ നിർമ്മിച്ച വിവിധകരകൗശലവസ്തുക്കളുടെ വിപുലമായ പ്രദർശനവും വിൽപനയും മേളയിൽ നടന്നു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ കലാശേഷികൾ മേളയിലെ സന്ദർശകരെ അത്ഭുതപ്പെടുത്തി.



## ICSC യുടെ പുതിയ തീരം സെന്റർ കോഴഞ്ചേരിയിൽ

കോഴഞ്ചേരിയിൽ നടന്നു വന്നിരുന്ന റോട്ടറി സെപ്ഷ്യൽ സ്കൂൾ ഇന്ത്യാ സെന്റർ ഫോർ സോഷ്യൽ ചെയ്ഞ്ചിന്റെ നേതൃത്വത്തിൽ കോഴഞ്ചേരി റോട്ടറി ക്ലബ്ബിന്റെ സഹകരണത്തോടെ. റോട്ടറി ക്ലബ്ബ് ഹാളിൽ 2007 നവംബർ 22 -ാം തീയതി വ്യാഴാഴ്ച കുട്ടികൾ തിരി കൊളുത്തി അഭിവന്ദ്യ ഡോ.ഗീർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ ഉദ്ഘാടനം ചെയ്തു. കോഴഞ്ചേരി റോട്ടറി ക്ലബ്ബ് പ്രസിഡന്റ് റൊട്ടേറിയൻ തോമസ് തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോഴഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിൽവിയ തോമസ്, പഞ്ചായത്ത് മെമ്പർമാരായ ശ്രീ. വിൽസൺ വർഗീസ്, ശ്രീ.സോണി കൊച്ചുതറയിൽ, ശ്രീ.ശ്രീധരൻ ചെല്ലപ്പൻ . ഡോ.കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ, ശ്രീ.സാം എബ്രാഹം, ശ്രീ.ഷിനു ചെറിയാൻ തുടങ്ങിയവർ സംസാരിച്ചു.



റോട്ടറി ക്ലബിന്റെ കെട്ടിടസൗകര്യങ്ങളും വാഹനവും (മാരുതി ഓമ്നി) ഭാഗികസാമ്പത്തിക സഹായവും വാഗ്ദാനം നൽകിയ കോഴഞ്ചേരി റോട്ടറി ക്ലബിനോട് തീരത്തിന്റെ നന്ദി അറിയിക്കുന്നു.

## ICSC യുടെ പുതിയ തീരം സെന്റർ കറുകച്ചാലിൽ



2007 സെപ്തംബർ 23 നു കറുകച്ചാലിൽ തീരം സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. നെടുങ്കുന്നം, കറുകച്ചാൽ പഞ്ചായത്ത് പരിധിക്കുള്ളിലുള്ള കുട്ടികളാണു ഇവിടെ പരിശീലനം നേടുന്നത്. കറുകച്ചാൽ/ നെടുങ്കുന്നം റോഡ് സൈഡിലുള്ള സ്കൂളിനു സമീപത്താണു സെന്റർ പ്രവർത്തിക്കുന്നത്. ആരംഭപ്രവർത്തനങ്ങളിലും ദൈനംദിന പ്രവർത്തനങ്ങളിലും ലഭിക്കുന്ന സഹൃദയരായ നാട്ടുകാരുടെ സഹകരണത്തിനു നിസീമമായ കടപ്പാട് അറിയിക്കുന്നു.

## നാലുന്നാക്കൽ യൂത്ത് സർക്കിൾ

“ Friends of Theeram Youth Circle” എന്ന പേരിൽ നാലുന്നാക്കലുള്ള ചിലരും അവരുടെ സുഹൃർത്തുക്കളും ചേർന്ന് ഒരു സുഹൃദ് വലയം രൂപീകരിച്ചു.പ്രഥമ സംഭാവനയായ 25,000/-രൂപാ ജിജോ വയലാറ്റ്, റ്റോം മൂലയിൽ എന്നിവർ ഡോ.ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്തയ്ക്ക് കൈമാറി

## ജന്മദിനാശംസകൾ

തീരം സെന്ററുകളുടെ സ്ഥാപകനും ICSC ചെയർമാനുമായ ഡോ.ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയുടെ ജന്മദിനം മാടപ്പള്ളി സെന്ററിൽ കുടുംബാംഗങ്ങളുമൊത്ത് ആഘോഷിച്ചു. വിദേശത്തായിരിക്കുന്ന തിരുമേനിയ്ക്ക് മംഗളാശംസകൾ



## വാകത്താനം വ്യാപാരിവ്യവസായി ഏകോപനസമിതി

വാകത്താനം വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ചുമതലയിൽ തീരത്തിലെ കുട്ടികൾക്ക് എല്ലാ മാസവും ഓരോ ചാക്ക് അരി വീതം നൽകാം എന്ന് പ്രസിഡന്റ് ജയിംസ് ജേക്കബ് വിലങ്ങൻ പാറ വാഗ്ദത്തം നൽകി. ഇതിനോടകം 2 ചാക്ക് അരി കഴിഞ്ഞ മാസം ഇവിടെ ഏൽപ്പിച്ചു. വാകത്താനം വ്യാപാരി വ്യവസായികൾക്ക് ഹാർദ്ദവമായ നന്ദി അറിയിക്കുന്നു.

## കാസർഗോഡ് തീരം







കാസർഗോഡ് തീരം സെന്റർ

കേരളത്തിൽ വൈകല്യമുള്ളവരുടെ ജനസംഖ്യ ഏറ്റവും കൂടുതലുള്ള കാസർഗോഡ് ജില്ലയിൽ കയ്യൂർ-ചീമേനി പഞ്ചായത്തിൽ ICSC 2007 ജൂൺ 18 ന് തീരം സെന്റർ ആരംഭിച്ചു. വിവേചനരഹിതമായി എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തിന്റെ അനന്തരഫലമാണ് വൈകല്യമുള്ളവരുടെ എണ്ണം ഈ ജില്ലയിൽ വർദ്ധിച്ചു വരുന്നത്. കയ്യൂർ-ചീമേനി സെന്ററിന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി പിന്തുണക്കുന്നത് അവിടുത്തെ പഞ്ചായത്തും നാട്ടുകാരും മാതാപിതാക്കളും അതോടൊപ്പം കുവൈറ്റിലുള്ള ശ്രീ.അജയ് ജോർജും കുടുംബവുമാണ്.

എല്ലാവരുടെയും സുമനസിനു തീരത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

## ശിശുദിനാഘോഷം



2007 നവംബർ 14 ന് നാലുന്നാക്കൽ സെന്റ് ആദായിസ് സ്കൂളിലെയും വിജയ അംഗനവാടിയിലെയും കുട്ടികൾ ശിശുദിനത്തിന്റെ ഭാഗമായി റാലിയുമായി തീരത്തിൽ എത്തി തീരം കുട്ടികളോടൊപ്പം ശിശുദിനത്തെ വരവേറ്റു

India Center for Social Change
Nalunnakkal Post
Vakathanam
Kottayam-686538, Kerala, India
Phone: 0481 2465836
Fax: 0481 2463616

Dr. Kuriakose Corepiscopa Moolayil, Director
Sam Abraham, Program Director

Board of Trustees
Dr. Geevarghese Mor Coorilos (Chairman)
Dr.Joseph Mathew (Member)
Prof.T.M Yesudasan (Member)
Prof. P. Radhika (Member)
Prof.T.S.N Pillai (Member)
Dr. Kuriakose Corepiscopa Moolayil (Member)

For more details contact:
Kuriakose Corepiscopa Moolayil
Email: moolelachen@yahoo.com
Mob. 944 620 3002
Sam Abraham
Email:samomalloor@gmail.com
Mob.949 582 2485

An Institution under the guidance of
H.G.Dr.Geevarghese Mor Coorilos Metropolitan,
Nalunnakkal (email: nccigeorge@rediffmail.com)

www.icsctheeram.org

ICSC യ്ക്ക് ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റ്
80 G അനുവദിച്ചു തന്നിട്ടു്.
നിങ്ങൾ നൽകുന്ന സംഭാവനക്ക് നികുതിയിളവ്
ലഭിക്കുവാൻ ഇത് സഹായിക്കും

design & layout: shashi memury